**കേരള എക്സൈസ് വകുപ്പ്.**

**"മാതൃഭാഷ-മലയാളം"**

**ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടി ക്രമം,**

**(ഹാജർ : രാധാകൃഷ്ണൻ B)**

വിഷയം : ദക്ഷിണ മേഖലയിലെ കള്ളുഷാപ്പുകളുടെ പത്താം ഘട്ട ഓൺലൈൻ പുനർ വില്പന-പുതുക്കിയ, വില്പന തീയതി നിശ്ചയിച്ച് ഉത്തരവാകുന്നത് -

പരാമർശം: 1.ബഹു കേരള ഹൈക്കോടതിയുടെ 03.04.2025 തീയതിയിലെ WP (C) No. 13894/2025 കേസിലെ ഇടക്കാല ഉത്തരവ്.

2..ബഹു കേരള ഹൈക്കോടതിയുടെ 23.05.2025 തീയതിയിലെ WP (C) No. 13894/2025 കേസിലെ ഉത്തരവ്.

3.ബഹു എക്സൈസ് കമ്മീഷണറുടെ 13.06.2025 തീയതിയിലെ EXC/ 3053/2024-XA1 നമ്പർ കത്ത്.

4.ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ 29.03.2025 തീയതിയിലെ EXC-SZ/406/2023-SZ3 നമ്പർ നടപടിക്രമം

5.ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ 01.04.2025 തീയതിയിലെ EXC-SZ/406/2023-SZ3 നമ്പർ നടപടിക്രമം

**നമ്പർ.EXC-SZ/406/2023-SZ3 തീയതി: 07-07-2025**

ദക്ഷിണ മേഖലയിലെ പ്രിവിലേജ് റദ്ദ് ചെയ്ത കള്ളുഷാപ്പുകളുടെ 2024-26 വർഷത്തേക്കുള്ള ഓൺലൈൻ വില്പന പരമാർശം 4, 5 പ്രകാരം നിശ്ചയിച്ചിരുന്നതും സൂക്ഷ്മ പരിശോധന വരെയുള്ള നടപടിക്രമം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. എന്നാൽ ബഹു കേരള ഹൈക്കോടതിയുടെ പരമാർശം 1 ഇടക്കാല ഉത്തരവ് പ്രകാരം പരമാർശം 4, 5 പ്രകാരമുള്ള ഓൺലൈൻ വില്പനയുടെ നടപടിക്രമങ്ങൾ തുടരാൻ സാധിക്കാത്തതിനാൽ 04.04.2025 തീയതി രാവിലെ 11 മണിക്ക് നടത്താൻ നിശ്ചയിച്ചിരുന്ന വില്പന നടപടി മാറ്റി വച്ചിട്ടുള്ളതുമാണ്. ഹർജിക്കാർ പിന്നീട് കോടതിയിൽ ഹാജരാകാതിരുന്ന സാഹചര്യത്തിൽ ബഹു കേരള ഹൈക്കോടതി മേൽ പരമാർശം 2 ഉത്തരവ് പ്രകാരം ടി കേസ് തീർപ്പാക്കിയിട്ടുള്ളതാണ്. തുടർന്ന് പരമാർശം 3 പ്രകാരം ടി വില്പന നടപടി പുനരാരംഭിക്കുവാൻ ബഹു എക്സൈസ് കമ്മീഷണർ നിർദേശിച്ചിട്ടുള്ളതാണ്. മേൽ പരമാർശം 4,5 പ്രകാരം സൂക്ഷ്മ പരിശോധന നടത്തിയ സ്വീകാര്യമായ അപേക്ഷകൾ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അംഗീകരിച്ച് ഓൺലൈൻ പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ **10.07.2025 രാവിലെ 11 AM മണി** മുതൽ താഴെ പറയുന്ന ക്രമത്തിൽ റേഞ്ച്/ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഓൺലൈൻ മുഖേന വില്പന നടത്തി വിജയിയെ ജോയിന്റ് എക്സൈസ് കമ്മീഷണർ താൽകാലികമായി പ്രഖ്യാപിക്കുന്നതാണ്. സാങ്കേതികമായ കാരണങ്ങൾ മൂലം വിൽപ്പന നടപടികളിൽ തടസം ഉണ്ടായാൽ സമയക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശം 4 ൽ പരാമർശിച്ചിട്ടുള്ള ഉത്തരവുകളിലും മാർഗ

നിർദേശങ്ങളിലും പറയും പ്രകാരം താത്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടികൾ (Youtube(https:// youtube.com/@SouthZone Excise) (ലിങ്ക് e- toddy വെബ്സൈറ്റിൽ ലഭ്യമാണ്) കൂടി തത്സമയം വീക്ഷിക്കാവുന്നതാണ്.

**കൊല്ലം ഡിവിഷൻ**

| ക്രമ നമ്പർ | സർക്കിൾ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|---|
| 1 | കരുനാഗപ്പള്ളി | കരുനാഗപ്പള്ളി | III | 10.07.2025 |
| 2 | കരുനാഗപ്പള്ളി | കരുനാഗപ്പള്ളി | VI | 10.07.2025 |
| 3 | കരുനാഗപ്പള്ളി | കരുനാഗപ്പള്ളി | VII | 10.07.2025 |

**ആലപ്പുഴ ഡിവിഷൻ**

| ക്രമ നമ്പർ | സർക്കിൾ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|---|
| 1 | മാവേലിക്കര | മാവേലിക്കര | IV | 10.07.2025 |
| 2 | ചെങ്ങന്നൂർ | ചെങ്ങന്നൂർ | II | 10.07.2025 |

മേൽ വില്പനയിൽ വിജയി ആകുന്നവർ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾസ് 5 O(8) വകുപ്പ് പ്രകാരം ഒടുക്ക് വരുത്തേണ്ട തുകകൾക്ക് പുറമേ 2025-26 വർഷത്തേക്കുള്ള റെന്റൽ തുകയും ഉടനടി ഒടുക്ക് വരുത്തേണ്ടതാണ്.

Signed by
Radhakrishnan B
Date: 07-07-2025 10:58:35

RADHAKRISHNAN B
JOINT EXCISE COMMISSIONER

പകർപ്പ്: 1.എക്സൈസ് കമ്മീഷണർ (ആമുഖ കത്ത് സഹിതം)

2.ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം)(ഡിവിഷനിലെ മുഴുവൻ ഓഫീസിലെയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്)

3.എക്സൈസ് ഇൻസ്പെക്ടർ (IT സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം, നടപടി ക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

4. ഉത്തരവ് ഫയൽ/കരുതൽ ഫയൽ)